IT@SCHOOL STATE PROJECT OFFICE
(IT project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA P.O., THIRUVANANTHAPURAM-12
Ph: 0471-2529800 Fax: 0471-2529810
E-mail : contact@itschool.gov.in, victers@itschool.gov.in
Website : www.itschool.gov.in, www.victers.itschool.gov.in

IT @ School
GENERAL EDUCATION DEPARTMENT
GOVT. OF KERALA

No. ITS/2012/06/1063-1 (3) തീയതി : 05.06.2012

## സർക്കുലർ

വിഷയം:- **ഐ.ടി @ സ്കൂൾ പ്രോജക്ട് - മാസ്റ്റർ ട്രെയിനർമാർക്ക് പകരം അധ്യാപകരെ നിയമിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 25.05.2012-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP-3/43476/07/DPI നമ്പർ നടപടി ഉത്തരവ്

സ്കൂൾ അധ്യാപകരെ ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുക്കുന്നത് സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് പകരം സംവിധാനം ഒരുക്കണമെന്ന് വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ പഠനത്തെ ഇതു ബാധിക്കാതിരിക്കുന്നതിന് മാസ്റ്റർ ട്രെയിനർമാർക്ക് പകരം സ്കൂളുകളിൽ പ്രൊട്ടക്ടഡ് അധ്യാപകരെയോ അധ്യാപക പാക്കേജിൽ നിന്നുള്ളവരെയോ നിയമിക്കേണ്ടതാണെന്ന് സൂചനപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2012-13 അധ്യയന വർഷം ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്ക് പകരം അധ്യാപകരെ നിയമിക്കുന്നതും അവർക്ക് വേതനം നൽകുന്നതും സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് മാസ്റ്റർ ട്രെയിനർക്ക് പകരം പ്രൊട്ടക്ടഡ് അധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി അവരെ തത്കാലം തുടരാൻ അനുവദിക്കാവുന്നതാണ്.
2. മാസ്റ്റർ ട്രെയിനർമാർക്ക് പകരം പ്രൊട്ടക്ടഡ് അധ്യാപകർ ഇപ്പോൾ നിലവിൽ ഇല്ലാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരം കേസുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഗസ്റ്റ് അധ്യാപകരെ നിയോഗിക്കേണ്ടതുമാണ്.
3. ഗസ്റ്റ് അധ്യാപകരായി നിയോഗിക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറെ യഥാസമയം അറിയിക്കേണ്ടതും എക്സിക്യൂട്ടീവ് ഡയറക്ടറുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇവർക്കുള്ള വേതനം ക്രോസ് ചെയ്ത ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ജില്ലാ ഓഫീസിൽ നിന്ന് വിതരണം ചെയ്യേണ്ടതുമാണ്. ഇത് DRCMS-ൽ 'Remuneration-Guest Teachers' എന്ന ഹെഡിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
4. ഗസ്റ്റ് അധ്യാപക നിയമനത്തെ സംബന്ധിക്കുന്ന രേഖകൾ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധനക്കായി മേലധികാരികൾക്ക് സമർപ്പിക്കേണ്ടതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർക്കും
ഫിനാൻസ് ഓഫീസർ/അക്കാദമിക് ഓഫീസർ/അക്കൗണ്ട് സെക്ഷൻ/ സ്റ്റോക്ക് ഫയൽ